# പതിനാലാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2883 07.02.2018 ലെ മറുപടിയ്ക്ക്

## കഴക്കൂട്ടം - അടൂർ റോഡ് പുനർ നിർമ്മാണം

**ചോദ്യം**
**ശ്രീ.ഡി.കെ.മുരളി**

**മറുപടി**
**ശ്രീ. ജി.സുധാകരൻ**
**(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)**

| ചോദ്യം | മറുപടി |
|---|---|
| കെ.എസ്.ടി.പി.യുടെ കീഴിൽ കഴക്കൂട്ടം- അടൂർ റോഡ് പുനർനിർമ്മിക്കുന്നതിന് പദ്ധതി നിലവിലുണ്ടോ ;എങ്കിൽ പ്രസ്തുത പദ്ധതിയുടെ വിശദവിവരങ്ങൾ നൽകുമോ? | ലോകബാങ്കിന്റെധനസഹായത്തോടുകൂടി നടപ്പിലാക്കുന്ന കെ.എസ്.റ്റി.പി രണ്ട് പദ്ധതിയിൽ ഉൾപ്പെട്ട റോഡ് സുരക്ഷാ പ്രവർത്തനങ്ങളിൽപ്പെടുത്തി കഴക്കൂട്ടം-അടൂർ റോഡ് മാതൃകാ സുരക്ഷാ റോഡായി വികസിപ്പിക്കുന്ന പ്രവൃത്തിയാണ് ഇപ്പോൾ നടപ്പിലാക്കി കൊണ്ടിരിക്കുന്നത്. പ്രസ്തുത പദ്ധതിയിൽ കഴക്കൂട്ടം മുതൽ അടൂർ വരെയുള്ള 80 കി.മീ. എം.സി. റോഡിന്റെ ഉപരിതലം പുതുക്കൽ, പ്രധാനപ്പെട്ട 18 ജംഗ്ഷനുകളുടെ വികസനം, ഓടകളുടെ നിർമ്മാണവും പുനരുദ്ധാരണവും 3 പാലങ്ങളുടെ പുനരധിവാസം (ചടയമംഗലം, ആയൂർ,ഏനാത്ത്) എന്നിവയും കലുങ്കുകളുടെ പുനരുദ്ധാരണവും ഉൾപ്പെടുത്തിയിരിക്കുന്നു. പ്രസ്തുത പദ്ധതി റോഡ് സുരക്ഷയ്ക്ക് ഊന്നൽ നൽകിയാണ് നടപ്പിലാക്കുന്നത്. പദ്ധതിയുടെ അടങ്കൽതുക, 5 വർഷത്തെ മെയിന്റനൻസ് ഉൾപ്പെടെ 146.67 കോടി രൂപയാണ്. ഇതിൽ റോഡ് സുരക്ഷയ്ക്ക് 67 കോടി രൂപ നീക്കിവെച്ചിട്ടുണ്ട്. |

റോഡ് സുരക്ഷക്കുള്ള ക്രമീകരണങ്ങൾ പാലിച്ച് നടപ്പിലാക്കുന്നതിന് ആസ്ട്രേലിയൻ കമ്പനിയായ M/s. Vicroads-നെ ഏൽപ്പിച്ചിട്ടുണ്ട്. പൊതുമരാമത്ത് വകുപ്പ് റോഡ് സേഫ്റ്റിസെല്ലും കെ.എസ്.റ്റി.പിയും സംയുക്തമായി പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. പദ്ധതി ഇ.കെ.കെ എന്ന കരാർ കമ്പനിയാണ് പിടിച്ചിരിക്കുന്നത്. അവർ പ്രവർത്തനങ്ങൾ വേഗത്തിൽ നടത്തി വരുന്നു. പൊതുമരാമത്ത് മന്ത്രിയുടെ നേതൃത്വത്തിൽ ഈ പ്രവൃത്തിയുടെ അവലോകനം നടന്നിരുന്നു. റോഡു സുരക്ഷാ സംവിധാനങ്ങൾ ഒരുക്കുന്നതു സംബന്ധിച്ച് അന്തിമ രൂപം ലോക ബാങ്കിന്റെ കൺസൾട്ടന്റ് നൽകുന്നതിന് താമസമുണ്ടായതിന്റെ ഭാഗമായ കാലതാമസം ഉണ്ടായിട്ടുണ്ടെങ്കിലും സമയബന്ധിതമായി പൂർത്തീകരിക്കാനാണ് തീരുമാനിച്ചിട്ടുള്ളത്. അതിനനുസരിച്ച് ഈ പദ്ധതി കൂടുതൽ ജാഗ്രതയോടെ നിർമ്മിക്കുന്നതിന് പി.ഡബ്യു.ഡി.മന്ത്രി നിർദ്ദേശിച്ചിട്ടുണ്ട്.

S. Bindu

**സെക്ഷൻ ഓഫീസർ**